## പരീക്ഷാഭവൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

വിഷയം: പൊ.വി.- പൊതുപരീക്ഷകൾ - എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2018 - കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ / സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ - തീയതി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2018-ന്റെ വിജ്ഞാപനം. ഇ.എക്സ്/സി.ജനറൽ(1)/38000/2017/സി.ജി.ഇ തീയതി 25/10/2017.

2) ഈ കാര്യാലയത്തിലെ 22/02/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം.ഇ.എക്സ്.എ(1)/48800/2017/സിജിഇ. തീയതി: 24/03/2018**

ചില ട്രേഡ് യൂണിയൻ സംഘടനകൾ ഏപ്രിൽ 2-ാം തീയതി സംസ്ഥാന വ്യാപകമായി പൊതുപണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ 2018 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം സംബന്ധിച്ച പ്രവർത്തനങ്ങളുടെ തീയതികൾ താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് മുന്നോടിയായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നിശ്ചയിച്ചിരുന്ന സ്കീം ഫൈനലൈസേഷൻ ക്യാമ്പുകൾ ഏപ്രിൽ 3, 4 തീയതികളിൽ നടത്തുന്നതാണ്.

54 കേന്ദ്രങ്ങളിലായി നിശ്ചയിച്ചിരുന്ന ഉത്തരക്കടലാസ് മൂല്യനിർണ്ണയം ഏപ്രിൽ 6 മുതൽ 21 വരെ ഒറ്റഘട്ടമായി (14 ദിവസം) നടത്തുന്നതാണ്.

പുതുക്കിയ തീയതികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അഡീഷണൽ ചീഫ് എക്സാമിനർമാരെയും, അസിസ്റ്റന്റ് എക്സാമിനർമാരെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പുതുക്കിയ സമയക്രമപ്രകാരം ക്യാമ്പുകളിലേക്ക് ഈ കാര്യാലയത്തിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡി-സെക്ഷൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നു.

**ലാൽ കെ.ഐ.**
സെക്രട്ടറി

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2) എല്ലാ ക്യാമ്പ് ആഫീസർമാർക്കും/എല്ലാ ഡെപ്യൂട്ടി ക്യാമ്പ് ആഫീസർമാർക്കും.
3) എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4) സിസ്റ്റം മാനേജർ
5) സൂപ്രണ്ട്, ഡി/ഡി.എ സെക്ഷനുകൾ.
6) ഈ കാര്യാലയത്തിലെ എ3, എ4, എ6 സെക്ഷനുകൾ
7) കരുതൽ ഫയൽ